"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി-ശ്രീ.ഷെബിൻ.വി.എ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, ശ്രീ.മുജീബ്.ടി.എ. , സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ ഫയൽ ചെയ്ത OA(EKM) 1944/2022 നമ്പർ കേസിലെ 12.01.2023-ലെ വിധിന്യായം പൂർണ്ണമായി നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.160/2023/F&WLD തീയതി,തിരുവനന്തപുരം, 05-04-2023

---

പരാമർശം:-

1. 21.08.2019 തീയതിയിലെ FWLD-A2/40/2019/FWLD നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
2. 09.06.2022-ലെ സ.ഉ. (സാധാ) 250/2022/വനം നമ്പർ ഉത്തരവ്.
3. 17.12.2022 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFHDQ/5500/2022/B9 നമ്പർ ഉത്തരവ്.
4. ശ്രീ.ഷെബിൻ.വി.എ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, ശ്രീ.മുജീബ്.ടി.എ., സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ ഫയൽ ചെയ്ത OA 1944/2022 നമ്പർ കേസിലെ 12.01.2023 -ലെ വിധിന്യായം
5. 12.02.2023-ലെ ഡിഐജി & ഡിസ്ക്രിക്ട് പോലീസ് മേധാവി, കോഴിക്കോടിന്റെ D1-81424/2022/CC നമ്പർ കത്ത്.
6. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ 09.02.2023-ലെ KFDHQ/5500/2022-ADMIN/B9 നമ്പർ കത്ത്.

**ഉത്തരവ്**

തോൽപ്പെട്ടി റേഞ്ചിൽ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീ.ഷെബിൻ.വി.എ. അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിനും കൃത്യനിർവ്വഹണത്തിൽ തുടർച്ചയായി കാണിക്കുന്ന ഉത്തരവാദിത്തമില്ലായ്മക്കും അച്ചടക്ക ലംഘനത്തിനുമെതിരെ ടിയാനെതിരെ പരാമർശം (1) പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. ടിയാൻ പ്രതിവാദ പത്രിക

സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഔപചാരികാന്വേഷണം നടത്തുന്നതിന് പരാമർശം ( 2 ) പ്രകാരം ഉത്തരവായി. ടി ഔപചാരികാന്വേഷണത്തിന്റെ ഭാഗമായി 07.12.2022-ന കോഴിക്കോട് മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ നടന്ന വിസ്താര വേളയിൽ പ്രോസിക്യൂഷൻ സാക്ഷിയായ ശ്രീ.എൻ.ടി.സാജൻ ഐ.എഫ്.എസ് (റിട്ടയേർഡ്) നെ ക്രോസ് വിസ്താരം ചെയ്യുന്ന വേളയിൽ ശ്രീ.ഷെബിൻ.വി.എ യും ടിയാനെ സഹായിക്കാനെത്തിയ നിയമ സഹായിയായ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.മുജീബ്.ടി.എയും ചേർന്ന് അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ.ജോഷിൽ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ കയ്യേറ്റം ചെയ്ത് അന്വേഷണം തടസ്സപ്പെടുത്തിയതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായ ശ്രീ.ഷെബിനെയും സെക്ഷൻ ഫോറസ്ററ് ഓഫീസർ ശ്രീ ടി.എ.മുജീബിനെയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (3) പ്രകാരം സസ്പെൻഡ് ചെയ്യുകയുണ്ടായി.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.ഷെബിൻ.വി.എ, അസിസ്റ്റന്റ് വെൽഡ് ലൈഫ് വാർഡൻ, ശ്രീ. മുജീബ്.ടി.എ, സെക്ഷൻ ഫോറസ്ററ് ഓഫീസർ എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ടിബ്യൂണലിൽ ഫയൽ ചെയ്ത O.A(EKM) 1944/2022 നമ്പർ കേസിലെ 12.01.2023-ലെ പരാമർശം ( 4 ) പ്രകാരമുള്ള വിധിന്യായത്തിൽ അപേക്ഷകർ സർക്കാരിൽ നൽകിയിട്ടുള്ള അപ്പീൽ അപേക്ഷ പരിഗണിക്കുവാനും, ഉത്തരവിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം, അപേക്ഷകരെ നേരിൽ കേട്ടതിനുശേഷം, നിയമപ്രകാരം ഉചിത തീരുമാനമെടുക്കണമെന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ട്രൈബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരെ 10.03.2023-ൽ വനം വകുപ്പ് ആസ്ഥാനത്തെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെയും പോലീസ് ഉദ്യോഗസ്ഥന്റെയും സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി.

07.12.2022-ന എൻക്വയറി നടക്കുന്ന സമയം Enquiry officer ആയ ശ്രീ.ജോഷിൽ Defence assistant ആയി വന്ന ശ്രീ മുജീബിനെ ഡയസിൽ നിന്നും പുറത്തു വന്ന് ടിയാനെ കൊല്ലാനുള്ള ശ്രമത്തിന്റെ ഭാഗമായി മർദ്ദിക്കുകയും മുഖത്തടിക്കുകയും അസഭ്യം പറയുകയും ചെയ്തുവെന്നും കഴിഞ്ഞ കുറച്ചു വർഷങ്ങളായുള്ള ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്നും ഈ കാര്യത്തിൽ പരാതിപ്പെട്ടിട്ടും മാറാട് പോലീസ് നിസ്സാര വകുപ്പുകൾ മാത്രം ചുമത്തി ഭാവിയിൽ പോലീസിന് എളുപ്പത്തിൽ റഫർ ചെയ്ത് കളയാവുന്ന രീതിയിൽ ക്രൈം രജിസ്റ്റർ ചെയ്യുകയും ആയതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണമോ, നടപടികളോ നാളിതുവരെ ചെയ്തിട്ടില്ലെന്നും മാത്രമല്ല ടിയാന്മാർക്കെതിരെ എൻക്വയറി ഓഫീസർ മാറാട് പോലീസിൽ ക്രൈം നമ്പർ 496/2022 ആയി കള്ള കേസ് ഫയൽ ചെയുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് ടിയാന്മാരെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തതെന്നും ടിയാന്മാരുടെ ഭാഗത്തു നിന്നും എൻക്വയറി തടസ്സപ്പെടുത്തുന്ന തരത്തിൽ അതിക്രമം കാണിക്കുകയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ സസ്പെൻഷൻ ഉത്തരവ് പിൻവലിച്ച ഉത്തരവാകണമെന്ന ടിയാന്മാർ നേരിൽ കേൾക്കൽ വേളയിൽ അപേക്ഷിക്കുകയുണ്ടായി.

ശ്രീ.ഷെബിൻ.വി.എ. അന്വേഷണവുമായി സഹകരിക്കുന്നില്ലെന്നും സാക്ഷികളെ വിസ്തരിക്കുന്ന സമയങ്ങളിൽ ടിയാൻ ഹാജരാകുന്നില്ലെന്നും ഔപചാരികാന്വേഷണ

തീയതികൾ അറിയിച്ചെങ്കിലും ടിയാൻ ഹാജരാകാതെയിരിക്കുകയും പ്രോസിക്യൂഷൻ സാക്ഷികളെ വിസ്താരം ചെയ്യുവാൻ താല്പര്യം ഉണ്ടെങ്കിൽ ആയതും ഡിഫെൻസ് സാക്ഷികളെ ഹാജരാക്കാനുണ്ടെങ്കിൽ ആയതും അറിയിക്കാനും നിരവധി തവണ നിർദ്ദേശം നൽകിയിട്ടും ടിയാന്റെ ഭാഗത്തു നിന്നും പ്രതികരണം ഉണ്ടായിട്ടില്ലെന്നും, ടി ഔപചാരികാന്വേഷണത്തിന് അന്വേഷണ അധികാരിയായി നിയമിച്ച അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.ജോഷിൽ.എം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശ്രീ.വി.എ.ഷെബിനെ അച്ചടക്ക നടപടിയുടെ ഭാഗമായി നേരിൽ കേൾക്കുന്നതിനു സർക്കാർ നൽകിയ അവസരമാണ് ടിയാൻ മറ്റൊരു ഉദ്യോഗസ്ഥനുമായി ചേർന്ന് അക്രമം നടത്തി തടസ്സപ്പെടുത്തിയതെന്നും അന്വേഷണ ഉദ്യോഗസ്ഥനെ കൈയ്യേറ്റം ചെയ്തതിനു ടിയാന് എതിരെ മാറാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ.496/2022 Under Sec IPC 353, 294(b), 324, 506, 34 dated 07/12/2022 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ശ്രീ.ഷെബിനും ശ്രീ.മുജീബും ടിയാന്മാരെ അന്വേഷണ അധികാരി കൈയ്യേറ്റം ചെയ്തതായി കാണിച്ച മാറാട് പോലീസ് സ്റ്റേഷനിൽ കൗണ്ടർ കേസ് ക്രൈം നമ്പർ.497/2022 Under Sec IPC 341, 323 IPC രജിസ്റ്റർ ചെയ്യുകയും മാറാട് പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്ത മേൽ കേസുകളിന്മേൽ അന്വേഷണം നടത്തിയ ഫറോഖ് അസ്സിസ്റ്റന്റ് പോലീസ് കമ്മീഷണർ, മാറാട് പോലീസ് ഇൻസ്പെക്ടർ SHO എന്നിവരുടെ റിപ്പോർട്ട് പ്രകാരം ശ്രീ.ഷെബിൻ അന്വേഷണ അധികാരിക്കെതിരെ പോലീസിൽ നൽകിയ പരാതി കെട്ടി ചമച്ച പരാതിയാണെന്നും കൂടാതെ ടിയാന്മാർ മേൽ കുറ്റകൃത്യത്തിന് ഒറ്റക്കും കൂട്ടായും പരസ്പര സഹായികളായും പ്രവർത്തിച്ചതായും തെളിയുന്നുണ്ടെന്നും കോഴിക്കോട് ഡിഐജി & ഡിസ്ട്രിക്ട് പോലീസ് മേധാവി പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ടെന്നും ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിന്മേൽ ഉള്ള ഔപചാരികാന്വേഷണം തടസ്സപ്പെടുത്തിയത് സർക്കാർ ജീവനക്കാരനെന്ന നിലയിലുള്ള ഗുരുതര അച്ചടക്ക ലംഘനമാണെന്നും ടിയാന്മാർ സമർപ്പിച്ച അപ്പീലിലെ വാദങ്ങൾ സത്യവിരുദ്ധമാണെന്നു കാണുന്ന സാഹചര്യത്തിൽ ടിയാന്മാർ സമർപ്പിച്ച അപ്പീൽ പരിഗണനാർഹമല്ലെന്ന് പരാമർശം (6) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) റിപ്പോർട്ട് ചെയ്യുകയുണ്ടായി.

അച്ചടക്കനടപടിക്ക് ആധാരമായ ഫയലും, ടിയാന്മാരുടെ അപ്പീൽ പെറ്റീഷനുകളും, നേരിൽ കേട്ടപ്പോൾ ടിയാന്മാർ ബോധിപ്പിച്ച കാര്യങ്ങളും, വകുപ്പിന്റെ അഭിപ്രായവും സർക്കാർ വിശദമായി പരിശോധിച്ചു. വനം വകുപ്പ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ പാലിക്കേണ്ട യാതൊരു തരത്തിലുള്ള അച്ചടക്കവും മര്യാദയും ഫോറസ്റ്റ് കോഡ് പ്രകാരം പാലിക്കേണ്ട ഉത്തരവാദിത്തങ്ങളും ടിയാന്മാർ പാലിച്ചില്ലെന്ന് വ്യക്തമായിട്ടുണ്ട്. വകുപ്പ് തലത്തിൽ അച്ചടക്ക നടപടി നേരിടുന്ന ശ്രീ.ഷെബിൻ ഔപചാരിക അന്വേഷണ വേളയിൽ അന്വേഷണ അധികാരിയെ അക്രമിക്കുന്നതിനു കൂട്ട് നിന്നു എന്നത് ഗൗരവമായി കാണേണ്ടതാണ്. ഇത്തരത്തിലുള്ള ഗുരുതരമായ കൃത്യവിലോപവും അച്ചടക്കരാഹിത്യവും കാണിക്കുന്നത് സർക്കാർ ജീവനക്കാർക്ക് അഭികാമ്യമായ കാര്യമല്ല. മാത്രമല്ല ആരോപിക്കപ്പെട്ട കുറ്റങ്ങൾക്ക് വ്യക്തമായ മറുപടി നൽകാൻ നേരിൽ കേൾക്കൽ വേളയിൽ കുറ്റാരോപിതർക്ക് സാധിച്ചിട്ടുമില്ല.

മേൽ സാഹചര്യത്തിൽ ശ്രീ.ഷെബിൻ.വി.എ, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, ശ്രീ.മുജീബ്.ടി.എ., സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച അപ്പീൽ പെറ്റീഷനുകൾ നിരസിച്ച്, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4)-ലെ

വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജൻ.എ

അഡിഷണൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ഷെബിൻ.വി.എ., അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ

ശ്രീ. മുജീബ്.ടി.എ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
Date: 05-04-2023 14:34:10

സെക്ഷൻ ഓഫീസർ